o/c

**വിവരാവകാശം / മറുപടി**

നമ്പർ: E4-26421/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 25-9-2017.

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി. ധന്യ.വി.സി
C/o. ബിനോയ് സി.വി
ചുള്ളിപ്പറമ്പിൽ ഹൗസ്,
കുണ്ടലിയൂർ പി.ഒ- 680 616.

മാഡം,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന:
1. താങ്കളുടെ 10.7.17ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
2. സാമൂഹ്യനീതി വകുപ്പ് ബഹു.സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ 20.7.17ലെ വിവരാവകാശ മറുപടി.
3. താങ്കളുടെ 23.8.17ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

1) സാമൂഹ്യനീതി വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ ക്ലറിക്കൽ കേഡർ സ്ട്രെങ്ത് സംബന്ധിച്ച സൂചന (1) പ്രകാരം വിവരാവകാശം മുഖേന താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്ന് നൽകിയിരുന്നു. എന്നാൽ ടി മറുപടി തൃപ്തികരമല്ല എന്ന് കാണിച്ച് സൂചന (3) പ്രകാരം താങ്കൾ സമർപ്പിച്ചിട്ടുള്ള വിവരാവകാശം പരിശോധിച്ചതിൽ ഏത് ചോദ്യത്തിന് നൽകിയ ഉത്തരമാണ് തൃപ്തികരമല്ലാത്തത് എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. എങ്കിലും താങ്കളുടെ ചോദ്യം തൃശ്ശൂർ ജില്ലയിലെ ക്ലാർക്ക്മാരുടെ ഒഴിവ് സംബന്ധിച്ചാണെന്ന് അനുമാനിക്കുന്നതിനാൽ ഈ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ 01.09.2017-ലെ സ്ഥിതി വിവര കണക്കു പ്രകാരം ക്ലറിക്കൽ കേഡർ സ്ട്രെങ്തിന്റെ നിലവിലെ സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു.

2) ഈ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ നിലവിലെ ക്ലാർക്ക് കേഡർ സ്ട്രെങ്ത് 18 ആണ്. നോൺ കേഡർ തസ്തികയിൽ ഒരാൾ സേവനമനുഷ്ഠിക്കുന്നുണ്ട്

db@15

(സാമൂഹ്യനീതി ഡയറക്ടറുടെ 31.08.17ലെ ഇ4-30697/17 നമ്പർ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററിയായി സ്പോർട്സ് ക്വാട്ട നിയമനം) ടി കേഡർ സ്ട്രെങ്ങ്തിൽ 16 പേർക്ക് PSC മുഖേന നിയമനം ലഭിച്ചിട്ടുണ്ട്. ടി കേഡർ സ്ട്രെങ്ങ്തിൽ ഒരാൾക്ക് ആശ്രിത നിയമനം മുഖേന ജോലി ലഭിച്ചിട്ടുണ്ട്. ടി കേഡർ സ്ട്രെങ്ങ്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴി താത്ക്കാലിക നിയമനം ലഭിച്ച ഒരാളുണ്ട്. ടി കേഡർ സ്ട്രെങ്ങ്തിൽ ഇന്റർ ഡിസ്ട്രിക്ട് / ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ വഴി നിയമനം ലഭിച്ച ആരുംതന്നെയില്ല. മറ്റു രീതിയിൽ നിയമനം ലഭിച്ച ആരുമില്ല.

3) മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്.എൽ.ശ്യാംശങ്കർ
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്
സാമൂഹ്യനീതി വകുപ്പ്

db@15